സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർ തസ്തികയിലെ സ്ഥലമാറ്റം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 5600/12/Est-I (i)** നന്തൻകോട്, 20/09/2018

---

പരാമർശം :- 1) 03-08-2018, 23-08-2018 എന്നീ തീയതികളിലെ മേൽ നമ്പർ ബോർഡുത്തരവുകൾ.
2) 29-08-2018 ലെ മേൽ നമ്പർ ഉത്തരവ്.
3) ശ്രീ. എ. ബാബു 18-09-2018 ൽ സമർപ്പിച്ച അപേക്ഷ.
4) ശ്രീ. ബി. മധുസൂദനൻ നായർ 18-09-2018 ൽ സമർപ്പിച്ച അപേക്ഷ.

## ഉത്തരവ്

മലയാലപ്പുഴ ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ശ്രീ.എ.ബാബു ശസ്ത്രക്രിയയെ തുടർന്ന് ചികിത്സയിലാകയാൽ മലയാലപ്പുഴ ദേവസ്വത്തിൽ നിന്നും സ്ഥലംമാറ്റം നൽകണമെന്നും ടിയാന്റെ കൈവശമുള്ള ശബരിമല അസി സ്റ്റന്റ് എക്സിക്യൂട്ടീവ് ആഫീസറുടെ ചാർജ്ജ് നിലവിലെ അസിസ്റ്റന്റ് എക്സിക്യൂ ട്ടീവ് ആഫീസറെ ഏൽപ്പിക്കുന്നതിന് പത്തനംതിട്ടയിലെ ആഫീസിലോ ആറന്മുള യിലോ ഹാജരാകാൻ സാധിക്കാത്ത സാഹചര്യമാണെന്നതിനാൽ ആയത് സംബ ന്ധിച്ച് ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തണമെന്നും വിവരിച്ച് ബന്ധപ്പെട്ട മെഡിക്കൽ റിക്കാർഡുകൾ സഹിതം അപേക്ഷ ഹാജരാക്കി (പരാമർശം -3).

ആയത് ബോർഡ് വിശദമായി പരിശോധിച്ച് ചർച്ച ചെയ്ത് ചുവടെ വിവരിക്കുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

ശ്രീ. എ. ബാബുവിന് തുടർ ചികിത്സാർത്ഥം 6 മാസത്തോളം ജോലി യിൽ നിന്നും വിട്ട് നിൽക്കേണ്ടിവരുന്ന സാഹചര്യത്തിൽ ശമ്പളം ചെലവെഴുതി നൽകുന്നതിലേക്കായി ടിയാന്റെ ലീൻ ആലുവ അസിസ്റ്റന്റ് ആഡിറ്റ് ആഫീസിൽ ഒഴി വുള്ള അസിസ്റ്റന്റ് ആഡിറ്റ് ആഫീസർ തസ്തികയിലേക്ക് മാറ്റി ഉത്തരവാകുന്നു.

കൊല്ലം ഗ്രൂപ്പിലെ തൃക്കടവൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ആഫീ സർ ശ്രീ. ബി. മധുസൂദനൻ നായരെ ആറന്മുള ഗ്രൂപ്പിലെ മലയാലപ്പുഴ ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ആയി സ്ഥലംമാറ്റി നിയമിക്കുന്നു.

മാവേലിക്കര വിജിലൻസ് ആഫീസർ ശ്രീ.റ്റി.എം.വിജയൻപിള്ളയെ കൊല്ലം ഗ്രൂപ്പിലെ തൃക്കടവൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ആയി സ്ഥലംമാറ്റി നിയമിക്കുന്നു.

(മറുപുറം)

EDP

ശ്രീ. എ. ബാബുവിന്റെ കൈവശമുള്ള ശബരിമല അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ആഫീസറുടെ ചാർജ്ജ് നിലവിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ആഫീസറെ ഏൽപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ശബരിമല എക്സിക്യൂട്ടീവ് ആഫീസറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ജോയിന്റ് ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വിഭാഗം, തിരുവിതാംകൂർ ദേവസ്വം ബോർഡ്
3. The incumbents concerned
4. ഇ.ഡി. പി സെക്ഷൻ
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK